തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പ്

63 (819) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പിൽ കാലതാമസം വരുത്തുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വനംവകുപ്പിന്റെ സഹായത്തോടുകൂടി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത സാമ്പത്തിക വർഷം മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾ അവയുടെ ബഡ്ജറ്റിനോടൊപ്പം സമർപ്പിച്ച് അംഗീകാരം തേടുന്നതിനും ധനകാര്യവർഷത്തിന്റെ ആരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണം തുടങ്ങുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതാണ്. വാർഷിക പദ്ധതി വിഹിതം ഓരോ മാസവും നല്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു†.

പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ വരവിനങ്ങൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടി

64 (820) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൻ. ശക്തൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾ അവയുടെ തനതു വരവിനങ്ങൾ പൂർണ്ണമായും ടാപ്പു ചെയ്യുന്നതിന് എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട് ;

(ബി) അവയുടെ വരവിനങ്ങൾ യഥാസമയം പിരിച്ചെടുക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും തനതു വരുമാനമുണ്ടോ ;

† അനുബന്ധം III ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

7.	സ്വത്തുനികുതി നിർണ്ണയിക്കുന്നതിന് പുതിയ ചട്ടങ്ങൾ തയ്യാറാക്കുക.	5.00	കോടി രൂപ
8.	ധനകാര്യ മാനേജ്മെന്റിലെ കാര്യശേഷി വർദ്ധിപ്പിക്കൽ	5.00	"
9.	പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സേവനം മെച്ചപ്പെടുത്തൽ	15.00	"
10.	സാമൂഹ്യ സുരക്ഷിതത്വത്തിനും അഗതികളുടെ പരിരക്ഷയ്ക്കും പൈലറ്റ് പ്രോജക്ട്	48.00	"
	ആകെ	244.95	"

അനുബന്ധം III

[23-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 63(*89) ദയവായി കാണുക]

ഗ്രാമവനം

വനം വകുപ്പിന്റെ സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 2 ഏക്കർ സ്ഥലം ഏറ്റെടുത്ത് റിക്രിയേഷൻ ഫോറസ്റ്റ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ട്. ഇതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾ 2 ഏക്കർ സ്ഥലം ഏറ്റെടുത്ത് വനംവകുപ്പിനെ ഏൽപ്പിക്കണമെന്നും, ടി സ്ഥലത്ത് ഫലവൃക്ഷങ്ങളും ഔഷധച്ചെടികളും തേക്ക്, ചന്ദനം തുടങ്ങിയ മരങ്ങളും വച്ചുപിടിപ്പിക്കുന്നതിനാണ് ടി പരിപാടി കൊണ്ട് ലക്ഷ്യമിടുന്നത്. വിവിധ സന്നദ്ധസംഘടനകളുടെ സഹകരണത്തോടുകൂടിയും ജനപങ്കാളിത്തത്തോടുകൂടിയും മരങ്ങൾ വച്ചു പിടിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന് ആവശ്യമായ തൈകൾ ഉത്പാദിപ്പിക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കുന്നതിനും അവർക്കു വേണ്ട പരിശീലനം നൽകുന്നതിനും പദ്ധതിയുണ്ട്. കൂടാതെ വകുപ്പിലെ ജീവനക്കാർക്കും വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ആധുനിക സാങ്കേതിക വിദ്യകളെ സംബന്ധിച്ചും പരിശീലനം നൽകും. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും വനവിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വനവൽക്കരണത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ടി കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും സഹായകരമായ രീതിയിൽ കൈപുസ്തകങ്ങൾ, ലഘുലേഖകൾ എന്നിവ പ്രസിദ്ധീകരിക്കുവാനും മാധ്യമങ്ങളിൽ കൂടി ആവശ്യമായ പ്രചരണം നടത്തുന്നതിനും പരിപാടിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly